
# ഡിജിബഡ്സ്

## ഡിജിറ്റൽ മാഗസിൻ



## ജി.എച്ച്.എസ്.എസ് ഇരുമ്പുഴി

# ‘DIGIBUDS’ - DIGITAL MAGAZINE - 20
# GOVT. H.S.S. IRUMBUZHI


| | |
|---|---|
| **Place of publication:** | G.H.S.S. IRUMBUZHI<br>P.O. IRUMBUZHI<br>MALAPPURAM<br>Pin: 676509<br>Phone: 0483 2739963 |
| **Periodicity of Publication:** | **Annual 2020** |
| **Head Mistress:** | **Girija N** |
| **Chief Editor:** | **Sheeja E N** |
| **Staff Editor:** | **Madhusoodanan** |
| **Student Editor:** | **Hasna P. T.** |
| **Photos:** | **Team Little Kites** |
| **Layout:** | **Team Little Kites** |
| **Designing Layout:** | **Team Little Kites** |
| **Drawing :** | **Deepak Dev, Fathima Shifna**<br>**Fathima Fidha, Jithu Krishna** |

# ആശംസകൾ ....



ഗവ.ഹൈസ്കൂൾ ഇരുമ്പുഴി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019 -20 അധ്യായന വർഷത്തിൽ പുറത്തിറക്കുന്ന ***ഡിജിബഡ്സ്*** എന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ.

ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്സിനും അധ്യാപകർക്കും അഭിനന്ദനങ്ങൾ...

**ഹെഡ്മിസ്ട്രസ്**
**ഗിരിജ. എൻ.**

# ആശംസകൾ...



മലപ്പുറം നിയോജകമണ്ഡലത്തിലെ അക്കാഡമിക മേഖലയിലും കലാ-കായിക-ശാസ്ത്ര മേളകളിലും മുന്നേറികൊണ്ടിരിക്കുന്ന ശ്രദ്ധേയമായ സ്കൂളുകളിലൊന്നാണ് ഇരുമ്പുഴി ഗവ. ഹയർസെക്കണ്ടറി സ്കൂൾ. സ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് ഈ വർഷം പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഈ വർഷം സബ്-ജില്ലാ ശാസ്ത്രോത്സവത്തിൽ ഓവറോൾ ചാമ്പ്യൻമാരാകുന്നതിൽ പങ്കുവഹിച്ച മുഴുവൻ പ്രതിഭകളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**പി. ഉബൈദുല്ല**
**എം.എൽ.എ. മലപ്പുറം നിയോജകമണ്ഡലം**

# ആശംസകൾ...



ആനക്കയം ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ എന്ന നിലയിൽ ഇരുമ്പുഴി ഗവ.ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉയർച്ചയും നേട്ടവും സാകൂതം വീക്ഷിച്ചുകൊണ്ടിരിക്കാറുണ്ട്. ലിറ്റിൽ കൈറ്റ്സ് ഈ വർഷം പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും അർപിക്കുന്നതോടൊപ്പം. ഇരുമ്പുഴി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കഴിഞ്ഞ വർഷം ഗ്രാമപഞ്ചായത്ത് കാര്യാലയവും അനുബന്ധ സ്ഥാപനങ്ങളും സ്ഥലങ്ങളും വിക്കിപീഡിയയിൽ അപ്ഡേറ്റ് ചെയ്തു തന്നതിനെ നന്ദിയോടെ ഇവിടെ സ്മരിക്കുന്നു.

**പി.ടി. സുനീറ**
**ആനക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്**

ലിറ്റിൽകൈറ്റ്സ് ടീം അപ്ഡേറ്റ് ചെയ്ത ആനക്കയം ഗ്രാമപഞ്ചായത്ത് കാര്യലയവും അനുബന്ധ സ്ഥാപനങ്ങളും കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

# ആശംസകൾ...



ഇരുമ്പുഴി ഗവ.ഹൈയർ സെക്കണ്ടറി സ്കൂൾ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് മുന്നേറുക തന്നെയാണ്. ഓരോ വർഷവും വിദ്യാലയത്തിൽ ചേരുന്ന കുട്ടികളുടെ വർദ്ധനവ് അതിന്റെ തെളിവാണ്. ജില്ലാ പഞ്ചായത്തിന്റെയും എം.എൽ.എയുടെയുമൊക്കെ സഹകരണത്തോടെ സ്കൂളിലെ ഭൗതിക സാഹചര്യങ്ങളും അതോടൊപ്പം മെച്ചപ്പെടുത്തി വരുന്നു. കഴിഞ്ഞവർഷം മുൻ വർഷത്തെക്കാൾ കുട്ടികൾക്ക് മുഴുവൻ വിഷയത്തിലും എപ്ലസ് നേടാൻ സാധിച്ചതും സബ്-ജില്ലയിലെ വലിയ സ്കൂളുകളെ പിന്നിലാക്കി ശാസ്ത്രമേളയിൽ ഓവറോൾ കരസ്ഥമാക്കാൻ സാധിച്ചതും അഭിമാനകരമായ നേട്ടമാണ്. മുൻ വർഷത്തെ പോലെ ഈ വർഷവും സ്കൂളിലെ സജീവ ഐ.ടി ക്ലബ് ആയ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. മാഗസിന് എല്ലാ ആശംസകളും നേരുന്നു.

**യു.മൂസ.**
**പി.ടി.എ. പ്രസിഡണ്ട്**

# ആശംസകൾ...



മലപ്പുറം ജില്ലാ പഞ്ചായത്തിലെ ആനക്കയം വാർഡിൽ പെട്ട ഹയർസെക്കണ്ടറി സ്കൂളെന്ന നിലക്ക് സ്കൂളിലെ മിക്ക പ്രവർത്തനങ്ങളിലും ഭാഗഭാക്കാറുണ്ട്. ഈ വർഷം മികച്ച നേട്ടങ്ങൾ കൈവരിച്ച സ്കൂൾ, സബ്-ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും അതിന്റെ സാന്നിദ്ധ്യമറിയിച്ചതിൽ അതീവ സന്തുഷ്ടനാണ്. ജില്ലാ പഞ്ചായത്തിന്റെ വിജയഭേരി പ്രവർത്തനങ്ങൾ അതിന്റെ പൂർണ അർഥത്തിൽ നടക്കുന്ന സ്കൂളുകളിലൊന്നാണ് ഈ സ്കൂൾ. ലിറ്റിൽ കൈറ്റ്സ് വർഷം തോറും ഇറക്കിവരുന്ന ഡിജിറ്റൽ മാഗസിൻ ഈ വർഷവും പുറത്തിറങ്ങുന്നവെന്നറിയുന്നതിൽ സന്തോഷമുണ്ട്. അതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർഥികൾക്കും അധ്യാപകർക്കും ആശംസകൾ...

**ഉമ്മർ അറക്കൽ**
**ജില്ലാപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ**

# ഉള്ളടക്കം

## ഉള്ളടക്കം


ഇതൾ പൊഴിച്ച ഓർമകൾ (കവിത)....9
ഇരുമ്പുഴി - ഞങ്ങളുടെ നാട്....10
ചിത്ര പുസ്തകം (കഥ)....19
നഴഞ്ചുകയറ്റക്കാരൻ....22
ചരിത്രത്തിലേക്ക്....23
ജീവിതം (കവിത)....25
Agony of flood (ഇംഗ്ലീഷ് കവിത)....26
ആതിരപ്പള്ളിയിലേക്ക് (യാത്രാ വിവരണം)....27
നിഴലെ ... നന്ദി (കഥ)....29
മാപ്പ് (കവിത)....30
തൃശ്ശൂരിലേക്ക് (യാത്രാവിവരണം)....31
മഴത്തുള്ളികൾ (കവിത)....33
രാത്രിമഴ (കവിത)....34
പുഴ (കവിത)....34
Mother....35
ഞങ്ങളുടെ സ്കൂൾ (റിപ്പോർട്ട്)....35

# ഇതൾ പൊഴിച്ച ഓർമകൾ (കവിത)

ജീവിതമെന്ന നൗകയിൽ കയറി
എത്തിപിടിച്ചു  കലാലയ മണ്ണിൽ
പ്രഭാത സൂര്യൻ തട്ടി ഉണർത്തി
പഴയകാല ജീവിതമെല്ലാം.

ഒരുവർഷമെന്നിൽ അകന്നുമാറിയതറിയാതെ
പകച്ചുനിന്നു നിശബ്ദനായ്...

സങ്കടമെല്ലാം ഒരേകവിൾതടം
വിളിച്ചു പറയുന്നു എൻമുന്നിലായി.

അറിയാതെ ഓർത്തുപോയി സൗഹാർദ ബന്ധത്തിൽ
ബെഞ്ചിലിരുന്നുള്ള കളിതമാശകൾ.....

അന്നത്തെ ജീവിതം ഓർക്കാതിരിക്കാതിരിക്കാൻ
വയ്യെനിക്കെന്റെ ഈനിമിഷം.

അവസാനമായിചൊല്ലിടാം  നിങ്ങൾ
സൗഹാർദ്ദ ബന്ധം കാത്തുസൂക്ഷിക്കണെ......

# ഇരുമ്പുഴി - ഞങ്ങളുടെ നാട്

**ജ്യോതിലക്ഷ്മി - 10A**



ചരിത്രം മഹാന്മാരുടെ ജീവചരിത്രമാണ് എന്നതിൽ നിന്നും മാറി ഓരോ പ്രദേശത്തിനും അതിന്റേതായ ചരിത്രവും പ്രാധാന്യവും പ്രാമാണികതയും ഉണ്ടെന്ന തിരിച്ചറിവിൽ നിന്നുമാണ് ആധുനിക ചരിത്രത്തിന്റെ തുടക്കം.ഞാൻ ജനിച്ചു വളർന്ന ഇരുമ്പുഴിയുടെ ഇന്നലെകളിലേക്ക് ഒരു എത്തി നോട്ടമാണ് ഈ ചരിത്രരചനയിലൂടെ ഉദ്ദേശിക്കുന്നത്.ഈ പ്രദേശത്തിന്റെ ചരിത്ര പുസ്തകങ്ങളിലൊന്നും ഇടം പിടിക്കാതെ പോയ ധാരാളം ആളുകളെ ഞാൻ ഈ അവസരത്തിൽ സ്മരിക്കുന്നു.

**ഭൂപ്രകൃതി**

കിഴക്ക് കടലുണ്ടി പുഴയും പടിഞ്ഞാറ് ആലിയാപറമ്പും അതിരിട്ട ഇരുമ്പുഴി ആനക്കയം പഞ്ചായത്തിലെ18 മുതൽ 23 വരെയുള്ള ആറ് വാർഡുകളെ ഉൾക്കൊള്ളുന്നു. വടക്ക് ഭാഗം പാപ്പിനിപ്പാറയും ആനക്കയവും പങ്കിടുന്നു. തെക്ക് മലപ്പുറം മുനിസിപ്പാലിറ്റിയുമാണ്.

ചെറിയകുന്നകളും വിശാലമായ പറമ്പുകളും വയലുകളും ഇടകലർന്ന് കിടക്കുന്ന സ്ഥലമാണ് ഇരുമ്പുഴി. ഫലഭൂയിഷ്ടമായ മണ്ണ് ചെങ്കല്ലിന്റെയും കരിങ്കല്ലിന്റെയും ശേഖരം വഹിക്കുന്ന കുന്നുകൾ. ഇരുമ്പിന്റെ അംശം കൂടുതലുള്ള സമതലങ്ങൾ. ആർദ്രതയും ഫലഭൂയിഷ്ടതയും ഒത്തിണങ്ങിയതിനാൽ തെങ്ങ്, കമുക് വെറ്റില, പച്ചക്കറികൾ എന്നിവ നന്നായി വിളയുന്ന പുഴയിറമ്പുകൾ.

ഇരുമ്പുഴിയിലെ ഏറ്റവും ഉയർന്ന കുന്നാണ് ആലിയാപറമ്പ് . ഇവിടെ വച്ചാണ് ബ്രിട്ടീഷ് പട്ടാളം സ്വാതന്ത്ര്യസമരസേനാനികൾ താമസിച്ചിരുന്ന പന്തല്ലൂർ മലയിലേക്ക്പീരങ്കിയുണ്ട ഉതിർത്തത്. ആലിയാപറമ്പിന്റെ

അതിർത്തികൾ മലപ്പുറം മുനിസിപ്പാലിറ്റിയും, പൂക്കോട്ടൂർ പഞ്ചായത്തും പങ്കിടുന്നു. ആലിയാപറമ്പിനു തൊട്ടു താഴെ കരുവാഞ്ചേരി പറമ്പും, വടക്കുംമുറിയിലെ പടിഞ്ഞാറ്റുംമുറിയുമാണ്.

കരുവാരക്കുണ്ടിലെ ചേറുമ്പ് കുന്നുകകളിൽ നിന്നും ഉത്ഭവിച്ച് മലപ്പുറത്തിന്റെ ഹൃദയഭാഗത്ത് കൂടി ഒഴുകി അറബിക്കടലിൽ ചേരുന്ന കടലുണ്ടിപ്പുഴ ഇരുമ്പുഴിയെ പനമ്പറ്റ, പടിഞ്ഞാറ്റുമുറി എന്നീ പ്രദേശങ്ങളിൽ നിന്നും വേർ തിരിക്കുന്നു. ഇരുമ്പുഴിയിലെ വെറ്റില കൃഷിക്കും കമുക്,തെങ്ങ് മുതലായവയ്ക്കും ജലം ലഭിക്കുന്നത് കടലുണ്ടിപ്പുഴയിൽ നിന്നുമാണ്. പുത്തൻതോട്, പാലപ്പുറംതോട്,വലിയതോട്, താണിക്കൽ തോട് എന്നിവയണ് ഇരുമ്പുഴിയിലെ പ്രധാനതോടുകൾ. ഇവയ്ക്ക് പുറമെ പാലിശ്ശേരിതോട്,കുണ്ടിൻതോട് എന്നിവയാണ് മറ്റുള്ളവ.

## നാമോൽപ്പത്തി

മലയാളത്തിലെ ഇരുമ്പ്, തമിഴിലെ ഊഴി എന്നീ രണ്ട് പദങ്ങളിൽ നിന്നാണ് ഈ ഗ്രാമത്തിന് ഇരുമ്പുഴി എന്ന പേർ വന്നത്. ഇരുമ്പുഴിയിലെ മണ്ണ് ഇരുമ്പിന്റെ അംശം കൊണ്ട് സമ്പുഷ്ടമാണ്. 1834 മുതൽ ഇവിടെ ഇരുമ്പയിർ കുഴിച്ചെടുക്കാനായി അയൽസംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികൾ എത്തിയപ്പോൾ അവരിലൂടെ ഈ പ്രദേശം ഇരുമ്പ് ഊഴി എന്നും അത് ലോപിച്ച് ഇരുമ്പുഴിയുമായി മാറി.

## സ്ഥലനാമ കൗതുകം

കരുവാഞ്ചേരി,കരുതൊടി തുടങ്ങിയ സ്ഥലനാമങ്ങൾ പ്രാചീനകാലം മുതൽ ഇവിടെ നിലനിന്നിരുന്ന ഇരുമ്പയിർ ഖനനത്തെ സൂചിപ്പിക്കുന്നു. കല്ലുകൊണ്ടുണ്ടാക്കിയ കോണി സ്ഥിതി ചെയ്തിരുന്ന സ്ഥലത്തെ കോണിക്കല്ല് എന്ന് വിളിക്കുന്നു. കൂമന്റെ ആകൃതിയിൽ ഏകദേശം മൂന്ന് മീറ്റർ ഉയരമുള്ള ഒരു കല്ല് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കൂമങ്കല്ല് എന്ന് വിളിക്കുന്നു. വട്ടൻ എന്ന് പേരുള്ള ഒരാൾ താമസിച്ച കുന്നിനെ വട്ടന്റെ നെറു എന്ന് വിളിക്കുന്നു. പ്രാചീന രീതിയിൽ ഇരുമ്പ് സംസ്കരിച്ചതിന്റെ തെളിവായ കീടക്കല്ലുകളും ഇവിടെ കാണാം.

കരുവഞ്ചേരിക്ക് സമീപമുള്ള കുന്നാണ് തവളക്കുന്ന്. ദൂരക്കാഴ്ചയിൽ ഒരു തവള ഇരിക്കും പോലെ തന്നെ. ഇതിന് സമീപമുള്ള കുന്നുകളാണ് ഉണ്യാലൻകുന്ന് , കുന്നുംപുറത്ത് ഹൈസ്ക്കൂൾ കുന്ന്, പണിക്കരു കുന്ന് ,ആല്യം കുന്ന് എന്നിവ. ഇവയോരാന്നിന്റേയും

താഴ്വാരങ്ങൾ ചെട്ട്യാർകുഴി , കുഴിക്കാട്ട് കുണ്ട് ,ചേനാട്ടു കുഴി, കറുത്തേടത്ത് കുണ്ട് , വലിയ കുഴി എന്നിവ. ആൾ താമസം അധികമില്ലാതെ ഒഴിഞ്ഞ്കിടന്നിരുന്നിരുന്ന സ്ഥലങ്ങളുടെ പേരിനൊപ്പം 'പറമ്പ്" എന്ന വാലു കൂടി ചേർത്ത് കാണാം. വളാപറമ്പ്, പന്തലാപറമ്പ്, ആലിയാപറമ്പ്, ചുവന്നപറമ്പ്, വട്ടുണ്ണിപ്പറമ്പ്, ഭഗവതിപ്പറമ്പ്, ആമ്പലപ്പറമ്പ്, പാലക്കോട്ടുപറമ്പ്, കരുവാഞ്ചേരിപ്പറമ്പ്, തുടങ്ങിയവായണവ. മരങ്ങളുടെ പേരിൽ അറിയപ്പെടുന്ന സ്ഥലങ്ങളാണ്, പുളിയേങ്ങൽ, കാഞ്ഞിരംപോക്കിൽ, കാഞ്ഞിരക്കൂട്ടം, പൂളക്കുത്ത്, അമ്പാഴക്കോട്, പൊടുവണ്ണിത്തോട്ടം, തേക്കിൻകാട് എന്നിവ.

**കാർഷിക ചരിത്രം**



തോടുകളും ചോലകളും കുളങ്ങളും സർവ്വോപരി കടലുണ്ടിപ്പുഴയും ഇരുമ്പുഴിയിലെ മണ്ണിനെ കാർഷികവിളകൾക്ക് അനുയോജ്യമായ ജലരാശികൂടിയ മണ്ണാകുന്നു.

സമീപപ്രദേശങ്ങളിൽ വെറ്റിലകൃഷിയുടെ പേരിലാണ് ഇരുമ്പുഴി അറിയപ്പെട്ടിരുന്നത്. ഉത്തരേന്ത്യയിലേക്കും പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലേക്കും ഇവിടുത്തെ വെറ്റില കയറ്റുമതി ചെയ്തിരുന്നുവത്രെ. ഈ തൃഴിൽ എല്ലാകാലത്തും സജീവമായിരുന്നു. വെറ്റില കൃഷിക്ക് വേണ്ടി ധാരാളം കവുങ്ങുകൾ വളർത്തിയിരുന്നതിനാൽ അടക്ക സുലഭമായിരുന്നു. നിലമ്പൂരിലെയും സമീപ പ്രദേശങ്ങളിലെയും ചന്തകളിലേക്ക് വെറ്റില ധാരാളമായി കയറ്റി അയച്ചു.

ഇരുമ്പുഴിയിലും മണ്ണമ്പാറയിലും കാർഷകർ വെറ്റില അടക്ക എന്നിവക്ക് പ്രാധാന്യം നൽകിയപ്പോൾ വടക്കുംമുറിയിൽ നെല്ലിനും തെങ്ങിനും വാഴക്കും മുൻഗണന നൽകി. അധികാരത്ത്, കണ്ണത്ത്, തലാപ്പിൽ തുടങ്ങിയ ജന്മിമാരിൽനിന്നും പാട്ടത്തിന് സ്ഥലം വാങ്ങിയും സ്വന്തം സ്ഥലത്തും കർഷകർ കൃഷിചെയ്തു. കരനെൽകൃഷി എന്നറിയപ്പെടുന്ന മോഡൻനെല്ല് എന്ന നെൽകൃഷി പറമ്പുകളിലും കുന്നിൻചെരിവുകളിലും ചെയ്തിരുന്നു.

മഴയില്ലാത്തകാലത്ത് കുളങ്ങളിൽനിന്നും ഏത്തം സ്ഥാപിച്ച് ജനസേചനം നടത്തി. അണ്ണാകൊട്ടൻ, ബെയ, കൂടക്കല്ല്, അടക്കള, കച്ചീരി എന്നിവ വിവിധതരം ഏത്തക്കൊട്ടകളാണ്.

മൈസൂർ, പൂവൻ, നേന്ത്രൻ തുടങ്ങിയ ഇനം വാഴകൾ കൂട്ടങ്ങളായി വാഴക്കുടുമ്പ് എന്ന പേരിൽ ഇവിടെ കൃഷിചെയ്തിരുന്നു. ചാമ, മുതിര, മധുരക്കിഴങ്ങ്, നടുതലക്കിഴങ്ങ്,  തുടങ്ങിയ നിരവധി കാർഷിക വിളകൾ ഇവിടെ ഉൽപാദിപ്പിച്ച് മഞ്ചേരി മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലെ ചന്തകളിലേക്ക് കയറ്റി അയച്ചിരുന്നു.

ഇവിടുത്തെ ഭൂരിഭാഗം വയലുകളും നികത്തി വീട്, മറ്റ് കെട്ടിടങ്ങൾ എന്നിവ പണിതിരിക്കുന്നു. ശേഷിക്കുന്ന സ്ഥലത്ത് വാഴ കപ്പ നെല്ല് എന്നിവ ആധുനിക രീതിയിൽ കൃഷിചെയ്തുവരുന്നു.

## ഭൂവുടമസ്ഥത

ഇരുമ്പുഴിയിലെ പ്രധാന നാടുവാഴി കുടുംബങ്ങളായിരുന്നു അധികാരത്ത്, പെരീക്കാട്ട്, അമ്പഴക്കോട്ട്, നൈതാങ്കോട്ട് എന്നിവ. ഇവർ ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കുന്നതിന് മുമ്പേ കടത്താനാട്ടു നിന്നും എത്തിച്ചേർന്നവരായിരുന്നു.

ഇരുമ്പുഴി, വടക്കുംമുറി പ്രദേശത്ത് ഉള്ള ഭൂരിഭാഗം സ്വത്തുക്കളും മുമ്പ് അധികാരത്ത് വക ആയിരുന്നു. ഫ്യൂഡലിസം നിലനിന്ന പ്രദേശമെന്ന് നിലയിൽ രാജാവിന്റെയും ബ്രിട്ടീഷ് കമ്പനികളുടെയും ഇടനിലക്കാരായിരുന്നു അധികാരികൾ അധികവും.

അധികാരത്ത്, കണ്ണത്ത് തുടങ്ങിയ ജന്മിമാരിൽ നിന്നും ഭൂമി പാട്ടത്തിന് എടുത്തായിരുന്നു ഇവിടത്തുക്കാർ പ്രധാനമായും കൃഷിചെയ്തിരുന്നത്. ‘കൃഷിഭൂമി കർഷകന്’ എന്ന നിയമം വന്നതോടെ ആണ് ഇവിടുത്തെ ഭൂരിഭാഗം പേർക്കും നിലവും പുരയിടവും ലഭിച്ചത്.

## ആധുനികകാലത്തിന്റെ കൈകളിൽ കൃഷി

ഹരിതവിപ്ലവത്തിന്റെ ഫലമായി കാർഷികമേഖല വളരെ അധികം ആധുനികവൽക്കരിച്ചപ്പോൾ അതിന്റെ അലയടികൾ ഇരുമ്പുഴിയിലും ഉണ്ടായി. മട്ടുപ്പാവ് കൃഷിയും, പ്രകൃതി സൗഹൃദ കൃഷി രീതികളും, ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും, ആധുനിക യന്ത്രങ്ങളും ഉയോഗിച്ച് വളരെ അധികം ലാഭകരമായ രീതിയിൽ നെല്ല്, പച്ചക്കറികൾ തുടങ്ങിയവ ഇവിടെ ഇന്നും കൃഷിചെയ്യപ്പെടുന്നു. കൃഷിയിടങ്ങൾ മറ്റുപലതിനും ഉപയോഗപ്പെടുത്തിയെങ്കിലും കൃഷിയോട് പൂർണ്ണമാും മുഖം തിരിക്കാത്ത ജനതയാണ് ഇവിടുത്തുക്കാർ.

## ആധുനിക വ്യവസായങ്ങൾ

ആധുനിക രീതിയിൽ ചെയ്യപ്പെടുന്ന വ്യവസായങ്ങൾ ഒന്നും ഇന്ന് ഇവിടെ ഇല്ല എങ്കിലും, വ്യവസായ മേഖലകളിൽ ജോലി ചെയ്യുന്നവരും വ്യവസായ മേഖലയിലെ ചെറിയ കണ്ണികളായ പ്രവർത്തിക്കുന്നവരും ഇരുമ്പുഴിയിൽ കുറവല്ല.

## ആധുനിക വിദ്യാഭ്യാസം

ഇരുമ്പുഴിയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം "ഗോവിന്ദ മെമ്മോറിയൽ എൽ. പി സ്കൂൾ" ആണ്. പിന്നീട് ഇരുമ്പുഴിയുടെ പലഭാഗങ്ങളിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നു. അതിൽ പ്രധാനമാമ് ഇരുമ്പുഴി ജി. എം. യു. പി സ്കൂളും, ഇരുമ്പുഴി ജി.എച്ച്.എസ്.എസും. പല പല കാരണങ്ങളാൽ ജില്ലാതലം വരെ ശ്ദ്ധനേടിയിട്ടുള്ള 2 സ്ഥാപനങ്ങളാണ് ഇവ. മഞ്ചേരിക്കും മലപ്പുറത്തിനും ഇടയിലുള്ള ഏക ഹയർ സെക്കൻഡറി സ്കൂൾ ആണ് ഇത്.

## പരമ്പാരഗത കുടിൽ വ്യവസായങ്ങൾ

പരമ്പാരഗതമായി പനയർ വിഭാഗത്തിന്റെ തൊഴിലായിരുന്നു കുട്ടനെയ്ത്ത്. വിളവെടുപ്പ് സൂക്ഷിക്കാനായി നിർമ്മിച്ചിരുന്ന വല്ലക്കുട്ടകളാണ് പ്രധാനമായും നിർമ്മിക്കുന്നത്. ഇതിനു പുറമെ പരമ്പ്, കൊട്ടക്കയിൽ, മുറം എന്നിവയും നിർമ്മിക്കുന്നു.

പരമ്പരാഗതമായി കുശവൻ സമുദായത്തിൽപ്പെട്ടവർ മൺപാത്ര നിർമ്മാണം അവരുടെ ജീവിതോപാതിയായി കണക്കാക്കിയിരുന്നു.

ഇരുമ്പുഴിയുടെ ചിലഭാഗങ്ങളിൽ മൺപാത്ര നിർമ്മാണം വരുമാനമാക്കിയുള്ള കുടിൽ വ്യവസായങ്ങൾ ഇന്നും നിലനിൽക്കുന്നു.

ഇരുമ്പുഴിയുടെ ചരിത്രത്തിലെ ഒരു പ്രധാന ഏടാണ് ഇരുമ്പ് ഖനനം. ഇരുമ്പുഴിയുടെ പരമ്പരാഗതവും ജാതീയവുമായ തൊഴിലുകളിൽ ഏറ്റവും പുരാതനമാണ് ഇരുമ്പായുധ നിർമ്മാമം. ഇന്നും ഇരുമ്പുഴിയുടെ പല ഭാഗങ്ങളിലും കരുവാൻമാർ തങ്ങളുടെ കുലത്തൊഴിൽ ചെയ്ത് ജീവിക്കുന്നു.

## പള്ളിക്കൂടങ്ങൾ

മലബാർ കലാപത്തിനും മുമ്പ് വടക്കും മുറി ഭാഗത്ത് ചോലക്കൽ കുഞ്ഞ് മുഹമ്മദ് മുസ്ല്യാർ എന്ന മതപണ്ഡിതൻ ഒരു ഓത്ത് പള്ളി നടത്തിയിരുന്നു. ഈ ഓത്ത്പ്പള്ളിയാണ് പിന്നീട് കലാപാനന്തരം ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ നടന്ന വിദ്യാഭ്യാസ വിപ്ലവാനന്തരം ഇരുമ്പുഴി ജി.എം.എൽ.പി സ്കൂൾ ആവുന്നത്.

വടക്കുംമുറിയിലെ “ഗോവിന്ദ മെമ്മോറിയൽ സ്കൂൾ” നിലനിൽക്കുന്നതിന്റെ സമീപത്തായി ഒരു എഴുത്ത് കളരി സ്ഥിതി ചെയ്തിരുന്നു. കളരികൾ സ്കൂൾ ആക്കിമാറ്റുന്ന ബ്രിട്ടീഷ് ഗവേൺമെന്റ് നയം നടപ്പിലാക്കിയോട് കൂടി ഗോവിന്ദ മെമ്മോറിയൽ സ്കൂൾ നിലവിൽ വന്നു.

## ആരാധനാലയങ്ങൾ

ഇരുമ്പുഴിയിൽ കൂടുതലായും ഹിന്ദു, മുസ്ലിം എന്നീ സമുദായങ്ങളാണുള്ളത്. ക്രിസ്ത്യൻസ് ഉണ്ടെങ്കിലും ക്രിസ്ത്യൻ പള്ളികൾ സ്ഥാപിതമല്ല.

പള്ളികൾ :-

- ✶ വടക്കുംമുറി ജുമാ മസ്ജിദ്
- ✶ ഇരുമ്പുഴി മസ്ജിദുൽ ജലാൽ
- ✶ വടക്കുംമുറി പടിഞ്ഞാറ്റുംമുറി ജുമാ മസ്ജിദ്.

അമ്പലങ്ങൾ :-

- ഇരുമ്പുഴി മഹാവിഷ്ണു ക്ഷേത്രം
- കാക്രകാളി കണ്ടത്തുരാമാ ഭഗവതി ക്ഷേത്രം
- കൊഴിഞ്ഞില്ല്യാ പറമ്പത്ത് വടക്കു മുത്തൻ ക്ഷേത്രം
- മൂടേപ്പുറത്ത് ശ്രീ മുത്തൻ ക്ഷേത്രം.

## ആഘോഷങ്ങൾ

ഇരുമ്പുഴിയിൽ പ്രധാനമായും നടക്കുന്ന ആഘോഷങ്ങൾ നേർച്ചകൾ ക്ഷേത്രോത്സവങ്ങൾ തുടങ്ങിയവയാണ്.

ക്ഷേത്രോത്സവത്തിൽ മുത്തൻവേലകളാണ് കൂടുതൽ ആയി നടക്കുന്നത്. ജാതിഭേദമന്യേ ഉത്സവങ്ങളിൽ എല്ലാവരും പങ്കെടുക്കുകയും അതിന്റെ ഭാഗമാകുകയും ചെയ്യുന്നു.

പിന്നെ ഇരുമ്പുഴിയിലെ പ്രധാന ആഘോഷം താലപ്പൊലികളാണ്. നാടിന്റെ തന്നെ ഉത്സവമായി മാറുകയാണ് ഇവിടുത്തെ പല ഉത്സവങ്ങളും.

## വായനശാലകൾ

ആദ്യകാലം മുതൽ തന്നെ ഇരുമ്പുഴിയിൽ വായനശാലകൾ നിലനിന്നിരുന്നു. അറുപതുകളിൽ ഇവിടെ പ്രവർത്തിച്ചിരുന്ന 'ദേശസേവിനി വായനശാല' ഇതിൽ ഒന്നാണ്. ചെറിയൊരു പീടിക മുറിയിൽ പ്രവർത്തിച്ചിരുന്ന ഈ വായനശാല ഇന്ന് വിപുലീകരിച്ച് "ഗ്രാമസംഘം ലൈബ്രറി" എന്ന പേരിൽ പ്രവർത്തിക്കുന്നു. ഓരോ പ്രദേശത്തിനും ഓരോന്ന് എന്ന നിലയിൽ ഇവിടെ ഇന്ന് വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

## ക്ലബുകൾ

സാമുഹ്യ സേവനത്തിന് പരിമിതമായ സാഹചര്യത്തിലും 15 വർഷത്തോളം കാര്യക്ഷമമായി പ്രവർത്തിച്ച ഒരു പ്രധാന ക്ലബ് ആയിരുന്നു. "ധർമ്മ പരിപാലന സംഘം". വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും ഒരു പോലെ പ്രയോജനം ചെയ്തിരുന്ന ഒന്നായിരുന്നു ഇത്.

1960 കളിൽ പ്രവർത്തിച്ച മറ്റൊരു ക്ലബ്ബാണ് മഹിളാസമാജം. ഇന്ന് ഇവിടെ പ്രവർത്തിക്കുന്ന ക്ലബ്ബുകളാണ്.

- റാഷ്മി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്
- ബ്രദേഴ്സ് ക്ലബ്
- യുവജന സമിതി

## മൈഗുരുഡ് ഭാഷ

മലപ്പുറം ജില്ലയിലെ ഇരുമ്പുഴി എടപ്പാൾ തുടങ്ങിയ സ്ഥലങ്ങളിൽ രൂപപ്പെട്ടതും നിലനിന്നിരുന്നതും ആയ ഗൂഢഭാഷയാണ് “മൈഗുരുഡ്”. മാപ്പിള ലഹള നടന്നപ്പോൾ ആണ് ഇത് ഉപയോഗിച്ചിരുന്നതത്രേ. മാപ്പിള ലഹളയിൽ പങ്കെടുത്തവരെ ജയിലിൽ അടച്ചപ്പോൾ മലയാളി വാർഡർമാർ അറിയാതെ അശയവിനിമയം നടത്താനാണ് ഇതുപോഗിച്ചത്. ഇന്നും ഇതിന് ഇവിടെ ചെറിയ രീതിയിൽ വേരോട്ടമുണ്ട്. സ്രാക്ഷരങ്ങൾക്ക പകരം അതേ ഉച്ചാരണ രീതിയിൽ സ എന്ന അക്ഷരം ഉപയോരിക്കുന്നു.

## കണ്ടെത്തലുകൾ

മുൻകാലങ്ങളിൽ നിന്നും വളരെ വ്യത്യാസമുളവാക്കുന്ന രീതിയലാണ് ഇന്ന് ഇരുമ്പുഴി. ആധുനികതയുടെ ചിറകിലേറി ഇന്ന് ഇരുമ്പുഴി അതിവേഗം മുന്നേറുകയാണ്. സാംസ്കാരിക മേഖലയിൽ വലിയ മുന്നേറ്റമാണ് ഇരുമ്പുഴിക്ക് ഉണ്ടായിരിക്കുന്നത്.

വരുമാന മാർഗ്ഗങ്ങൾ ആദ്യകാലത്തിന് വിപരീതമായി മാറിയിരിക്കുന്നു. കർഷകരുടെ എണ്ണം കുറവാണെങ്കിലും കാർഷിക മേഖല പൂർണ്ണമായും തകർന്നിട്ടില്ല. ആധുനിക രീതിയിലുള്ള കാർഷിക യന്ത്രങ്ങളും വിത്തിനങ്ങളും ഉപയോഗപ്പെടുത്തി കർഷകർ ലാഭം കൊയ്യുന്നു ഈ മണ്ണിൽ. ഭൂരിഭാഗം പേരും കാർഷികേതരം മേഖലയെയാണ് ഉപജീവനമാർഗ്ഗമായി സ്വീകരിച്ചത്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ഉയർന്ന തലത്തിൽ ജോലിചെയ്യുന്നവരുടെ കൂട്ടത്തിൽ ഇരുമ്പുഴിക്കാരുമുണ്ട്.

വിദ്യാഭ്യാസ രംഗത്ത് വൻകുതിച്ചു ചാട്ടമാണ് ഉണ്ടായത്. വിദ്യാഭ്യാസത്തിന് മുൻഗണന ഇന്നിവിടുത്തെ ഓരോരുത്തരു നൽകുന്നു.

ഇരുമ്പുഴിയുടെ പുരോഗതിയിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്.

ജീവിതരീതിയിൽ ഒരുപാട് മാറ്റങ്ങൾ ഇവിടുത്തെ ജനതയിൽ വന്നുവെങ്കിലും മതസൗഹാർദ്ദത്തിലും പരസ്പരസ്നേഹത്തിലും യാതൊരു വിട്ടു വീഴ്ച്ചക്കും ഒരുങ്ങാത്തവർ തന്നെയാണ് ഇരുമ്പുഴിക്കാർ.



# ചിത്ര പുസ്തകം (കഥ)

**ഷീജ്. ഇ. എൻ**

കുട്ടിക്ക് ദേഷ്യം വന്നു. അച്ഛൻ വാങ്ങിത്തന്ന പുസ്തകത്തിൽ ചിത്രങ്ങളൊന്നുമില്ല. അക്ഷരക്കൂട്ടങ്ങൾ മാത്രം.

എനിക്ക് വേണ്ട ഇത്..കുട്ടി മുഖം വീർപ്പിച്ചു. പുസ്തകം നിലത്തു തന്നെയിട്ട് അവൾ കിടക്കയിൽ കമഴ്ന്നു കിടന്നു.

എന്താണൊരു ബഹളം ..ഉറങ്ങാനും സമ്മതിക്കില്ലേ.. കുട്ടി കണ്ണുതുറന്നു. ഹായ്.. അക്ഷരങ്ങൾ ഓരോന്നായി പുസ്തകത്തിൽ നിന്ന് പുറത്തിറങ്ങുന്നു. തിക്കിത്തിരക്കി.. ശരിക്കും സ്കൂളിലെപ്പോലെ തന്നെ ..

എത്ര പെട്ടെന്നാണ് കുട്ടിയുടെ മുറി ഒരു ക്ലാസ്സ്മുറിയായത്.. മുറിക്കകത്ത് കുറേ ബെഞ്ചും ഡസ്കും.

പാവം 'ഠ '. എത്ര ശ്രദ്ധിച്ചിട്ടും ബെഞ്ചിൽ നിന്നും ഉരുണ്ടു വീഴുന്നു.

"നിനക്കൊന്നു പിടിച്ചിരുന്നൂടേ ?" മുൻബെഞ്ചിൽ നിന്നൊരു ശകാരം. അവിടെ അടങ്ങിയൊതുങ്ങി ഇരിക്കുകയാണ് ര, ന, ത, റ ഒക്കെ.

"ഓ..നല്ല കുട്ടികൾ..മാഷിനെ കാണിക്കാൻ വേണ്ടിയുള്ള ഇരിപ്പല്ലേ.. " മുഖമൊന്ന് വീർപ്പിച്ച്, തൊപ്പിയൊന്നു ശരിയാക്കി ക്ലാസ്സിൽ ഓടിനടക്കുന്ന 'ക' യ്ക്ക് അവരുടെ ഇരിപ്പത്ര പിടിച്ചില്ല.

അപ്പുറത്ത് 'ട ' യും 'ഗ' യും തമ്മിൽ വഴക്കാണ്. ബെഞ്ചിൽ അള്ളിപ്പിടിച്ചിരിക്കുന്നതിനി

"എന്നെപ്പോലെ ഞാൻ മാത്രം മതി.

'ഗ''ട ' യെ ഒരൊറ്റത്തട്ട്.

"വല്ല്യ ഗമയൊന്നും കാണിക്കണ്ട. നിവർന്നിരിക്കാനാവാത്തതിന്റെ കുശുമ്പല്ലേ നിനക്ക്.. " 'ട ' ഞെളിഞ്ഞിരുന്നു.

" എന്തൊരു കശപിശയാണ്. ഒന്നു മിണ്ടാതിരിക്കുന്നുണ്ടോ?" 'ശ' ഇത്തിരി ദേഷ്യത്തിലാണ്.

'യ' ഇതൊന്നും ശ്രദ്ധിക്കുന്നതേയില്ല. കൈകൾ പിണച്ച് വച്ച് ഒരു മൂലയിൽ ഒരേയൊരിപ്പ് തന്നെ .. എന്തെങ്കിലുമാവട്ടെ.. ഇതൊന്നും എന്നെ ബാധിക്കുന്ന കാര്യമല്ലല്ലോ എന്ന മട്ടിൽ.

" ഇത്ര വലിയൊരു ശരീരമൊന്നും വേണ്ടായിരുന്നു.എന്തു ബുദ്ധിമുട്ടാണ് നടക്കാനൊക്കെ. എന്നു വച്ച് ഇതൊക്കെ തിന്നാതിരിക്കാനും പറ്റില്ലല്ലോ .." 'അ' സങ്കടം പറയുകയാണ്. കുട്ടിക്ക് ചിരി വന്നു. ഒരു കയ്യിൽ ബിസ്കറ്റ് കൂടും മറ്റേ കയ്യിൽ ലേയ്സിന്റെ കൂടും പിടിച്ചാണ് 'അ' യുടെ നില്പ്.

"അപ്പോൾ എന്റെ കാര്യം നോക്കിയേ.. 'കുടവയറൻ ' എന്നു വിളിച്ച് കളിയാക്കുകയാണ് എല്ലാവരും. ഞാനത്രയധികം ഭക്ഷണം കഴിച്ചിട്ടൊന്നുമല്ല .." 'ഭ' യുടെ പരാതി. "എന്നോടാരും കൂട്ടുകൂടുന്നേയില്ല. കളിക്കാനും കൂട്ടുന്നില്ല. കൂടെ ഇരുത്തുന്നുമില്ല. എന്താ എല്ലാവരും ഇങ്ങനെ? ഈ ഉണ്ടക്കണ്ണും ശരീരവും ഉണ്ടായത് എന്റെ കുറ്റം കൊണ്ടാണോ?" ' ഋ ' കരയാൻ തുടങ്ങി.

"കരയണ്ടാട്ടോ.. ഞങ്ങൾ നിന്നോട് കൂടാറില്ലേ.?" 'ഷ' യും 'ഭ' യും ഓടി വന്ന് കൂട്ടുകാരനെ കെട്ടിപ്പിടിച്ചു. 'ത' കൂട്ടുകാരന്റെ കൈ പിടിച്ചു.

''നല്ല കൂട്ടുകാർ ." കുട്ടി തല കുലുക്കി.

പിൻബെഞ്ചിലേക്ക് നോക്കിയപ്പോൾ കുട്ടിക്ക് ചിരി വന്നു.അവിടെ കാലാട്ടിക്കളിക്കുകയാണ് ഉ, ഇ, ള ഒക്കെ. പലരും അസൂയയോടെ അവരെ നോക്കുന്നുമുണ്ട്.. അപ്പുറത്തെ ബെഞ്ചിൽ 'വ' ഇരിക്കുന്നു. വലിയ വായും പൊളിച്ചങ്ങനെ ..

"ഹേയ്.. വായിലേക്ക് ഈച്ച കേറാതെ നോക്കണേ .. " കുട്ടി പിറുപിറുത്തു.

അല്ലാ, മാഷിന്റെ കസേരയിൽ ആരോ ഉണ്ടല്ലോ. കുട്ടി സൂക്ഷിച്ചു നോക്കി.'ല ' ആണ്. നല്ല ചേലുണ്ട് 'ല ' യുടെ ഇരിപ്പു കാണാൻ .കസേരയിൽ കാലൊക്കെ ഉയർത്തി വച്ചങ്ങനെ .. "മാഷ് വരുമ്പോഴും ഇങ്ങനെ തന്നെ ഇരിക്കണേ." കുഞ്ഞുതല നീട്ടി 'പ' വിളിച്ചു പറഞ്ഞു.

"മാഷ് ഇന്നു വരില്ലല്ലോ .. മാഷിന് പനിയാണല്ലോ.. " 'ല ' കാല് ഒന്നുകൂടി ഉയർത്തിവച്ച് ഈണത്തിൽ പാടാൻ തുടങ്ങി. പിന്നെ, ആർപ്പുവിളി.. ബഹളം ..

" കലപില കലപില കലപില ... "

'ക' യും 'ല ' യും 'പ' യും തോളിൽ കയ്യിട്ട് പാടാൻ തുടങ്ങി. അക്ഷരങ്ങൾ രണ്ടും മൂന്നും പേരുള്ള കൂട്ടങ്ങളായി. പിന്നെ കൂട്ടപ്പാട്ട്.. കളികൾ.. എല്ലാവരും വലിയ ആഹ്ളാദത്തിലാണ്.കുട്ടിക്കും പാടണമെന്നു തോന്നി. അവൾ പതുക്കെ എണീറ്റു. അക്ഷരങ്ങൾ ഓടിവന്ന് അവളുടെ കൈ പിടിച്ചു. നല്ല രസം.. കൂട്ടത്തിൽ കുറേ ചിത്രങ്ങൾ കൂടി ഉണ്ടായിരുന്നെങ്കിൽ.. ഹായ്.. എന്തു രസമാകുമായിരുന്നു. പക്ഷേ, പുസ്തകത്തിൽ ഒറ്റ ചിത്രം പോലുമില്ല .കുട്ടി സങ്കടത്തോടെ പുറത്തേക്ക് നോക്കി. അല്ലാ.. എന്തായിത്.. എവിടെ നിന്നോ കുറേ പൂക്കൾ പറന്നു വരുന്നു. പിറകേ ഒരുപാട് പൂമ്പാറ്റകളും .. പിന്നെ പക്ഷികൾ .. മൃഗങ്ങൾ.. മീനുകൾ.. കണ്ണടച്ച് തുറക്കും മുമ്പ് അവരൊക്കെ ചുമരിൽ സ്ഥാനം പിടിച്ചു..

അക്ഷരക്കൂട്ടങ്ങൾ പകച്ചു നിൽക്കുകയാണ്. ചിത്രങ്ങൾ അവരെ മാടി വിളിച്ചു. പിന്നെ വൈകിയില്ല. അക്ഷരങ്ങൾ ഒരു പുഞ്ചിരിയോടെ ചിത്രങ്ങൾക്കകത്തേക്ക് കയറിപ്പോയി.

"ഹായ്.. എനിക്കിഷ്ടായി. എന്റെ മുറി ഇപ്പോ വലിയൊരു പുസ്തകമായി.വലിയൊരു ചിത്ര പുസ്തകം." കുട്ടി തുള്ളിച്ചാടി.



# നുഴഞ്ഞുകയറ്റക്കാരൻ

സനാഫാത്തിമ 9.C

ഇതുവരെ ഞാൻ ശ്വസിച്ച വായു ഇനി
എനിക്ക് ശ്വസിക്കാൻ പാടില്ലത്രേ......
ഇതുവരെ ഞാൻ ദാഹമകറ്റിയ പുഴ
എന്റെ സ്പർശനത്താൽ അശുദ്ധമാകുമത്രേ
എൻ കാൽപ്പാടുകൾ പതിഞ്ഞ മണ്ണ്
ഇനി മുതൽ എന്റേതല്ലത്രേ.....
ഇവിടത്തെ വായു ശ്വസിച്ച്
ജലം കൊണ്ട് ദാഹമകറ്റി
മണ്ണിൽ വേരു പടർത്തിയ ഞാൻ
ഇന്ത്യക്കാരനല്ലത്രേ......
നുഴഞ്ഞുകയറ്റക്കാരനും തീവ്രവാദിയാണ് പോലും
എന്റെ മാതൃദേശത്തിന് ഞാൻ
ശത്രുവാണത്രേ,
നശിപ്പിക്കാൻ വരുന്ന ഭീകരനാണത്രേ!



# ചരിത്രത്തിലേക്ക്

റിഷ്‍വാ IX-D

ഓരോ യാത്രകളും ജിവിതത്തിന്റെ ഉയർച്ചയിലേക്കുള്ള പടിവാതിലുകളാണ്. ഈ പടിവാതിലുകൾ തുറക്കുക എന്നത് ആനന്ദത്തിനു മാത്രമല്ല മൂല്യങ്ങൾ മനസ്സിലാക്കാൻ കൂടിയാണ്. ഞാൻ യാത്രകളെ ഇഷ്ടപ്പെടുന്നു. എന്റെ ഓരോ യാത്രയും എന്റെ ഹൃദയത്തിലേക്കുള്ള ഓർമകളുടെ താളുകളാണ്.

ഇത്തരത്തിൽ എന്റെ ഒരു യാത്രയാണ് മലനിരകൾക്കിടയിൽ ചിതറിക്കിടക്കുന്ന, വിജയനഗര സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരിയായ കർണ്ണാടകയിലെ ഹംപി.

വിദ്യാരണ്ണൻ എന്ന ഗുരുവിന്റെ സഹായത്തോടെ ഹരിഹരനും ബുക്കനുമാണ് വിജയനഗരം സ്ഥാപിച്ചത്. ആദ്യമൊക്കെ വിജയനഗരത്തിന്റെ ഭരണാധികാരികൾ ബാമിനി സുൽത്താൻമാരുമായി എതിരിട്ടു. എന്നാൽ കൃഷ്ണദേവരായർക്കു ശേഷം വിജയനഗരത്തിന്റെ സുവർണ്ണ കാലം അവസാനിച്ചു. 1565 ലെ തളിക്കോട്ട യുദ്ധത്തോടെ വിജയനഗര സാമ്രാജം തകർന്നടിഞ്ഞു.

കുന്നിൻ മുകളിലെ സ്വാമിക്ഷേത്രത്തിന് അരികിൽ നിന്നാൽ സൂര്യൻ ഉദിച്ചുയരുന്ന മനോഹരമായ കാഴ്ച്ച നമുക്ക് കാണാം. ധാരാളം ശിൽപ്പങ്ങളും ഗോപുരങ്ങളും നമ്മുടെ കാഴ്ച്ചയെ വ്യത്യസ്തമാക്കുന്നു. കാതോർത്താൽ പോരാട്ടങ്ങളുടെ പെരുമ്പറ ശബ്ദങ്ങളും നമ്മുടെ കാതിൽ മുഴങ്ങും. ഇതാണ് ഹംപി. വിടാല ക്ഷേത്രത്തിലാണ് ഹംപിയുടെ ട്രേഡ് മാർക്കായ കല്ലിൽ തീർത്ത രഥം. സംഗീതം പൊഴിക്കുന്ന ശിലകൾ, ആസ്ഥാനമണ്ഡപം തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

യാത്രയുടെ ക്ഷീണമൊക്കെ ഇല്ലാതാക്കുന്ന കാഴ്ച്ചയാണ് മാതംഗി മലയിലെ അസ്തമയ കാഴ്ച്ച. ഭൂമിക്കും അസ്തമയത്തിന്റെ ചുവപ്പുരാശി.

വിരൂപാക്ഷ ക്ഷേത്രം, കടൽകെലു ഗണപതിക്ഷേത്രം, ശ്രീകൃഷ്ണ ക്ഷേത്രം, ഹസ്ര രാമക്ഷേത്രം, ലക്ഷമി നരസിംഹ ക്ഷേത്രം, ബദാവലിംഗ ക്ഷേത്രം, രാജ്ഞിയുടെ കൊട്ടാരം, ലോട്ടസ് മഹൽ, ക്വീൻസ് ബാത്ത്

തുടങ്ങി ഹംപിയിലെ കാഴ്ച്ചകൾക്ക് അവസാനമില്ല. ഓരോ കാഴിച്ചകൾ കാണുമ്പോൾ ചരിത്രത്തിലേക്ക് വീണ്ടും വീണ്ടും മാടിവിളിക്കുകയാണ് കർണ്ണാടകയിലെ ഹംപി. അവിടെ വിട്ട് ഇറങ്ങാൻ എന്റെ മനസ്സ് സമ്മതിച്ചില്ല. വീണ്ടും ഈ നഗരത്തെക്കുറിച്ച് പഠിക്കാനാണ് പറഞ്ഞത്. മനസ്സില്ലാ മനസ്സോടെയായിരുന്നു ഹംപിയിൽ നിന്നു എന്റെ യാത്ര.



## ജീവിതം (കവിത)

**ഷാന. എ.കെ 8 E**

ജീവിതം അതൊരു സാഗരമാണ്
അടങ്ങാത്ത നൊമ്പരത്തിന്റെയും
കനിവേകും കൈകളുടെയും
സാന്ത്വന ഹൃദയങ്ങളുടെയും
ഒരു മായാവലയം
കൊതിക്കും മുമ്പെ തീർന്നുപോയ

കാരുണ്യമാകും ഒരുതുടിപ്പിനും
ഉണ്ടായിരുന്നു ജീവിതം
കാണുന്നതിനേക്കാൾ ശ്രവിക്കുന്ന
ഓരോ അന്ധനുമുണ്ട് ജീവിതം
ആഗ്രഹിക്കുന്നതെന്നും നടക്കാതിരുന്നിട്ടും
ഉള്ളത്കൊണ്ട് തൃപ്തിപ്പെടുന്ന
ഓരോ ഹൃദയത്തിനുമുണ്ട് ജീവിതം
ജീവിതം അത് സത്യമാണ്

***അമ്മ***

അമ്മ എന്ന രണ്ട് വാക്കിൽ
അടങ്ങാത്ത നൊമ്പരത്തിൻെറയും
കനിവേകും കൈകളുടെയും
സാന്ത്വന ഹൃദയത്തിൻെറയും
ഒരുപാട് നോവുകൾ
കടൽ തിരകളെ പോലെയാണ്
അമ്മയുടെ കൈതയമ്പുകളിലും
ഓരോ മുറപ്പാടുകളിലും
വാർന്നൊഴുകുന്ന രക്തത്തിലും
ഒളിഞ്ഞിരിപ്പുണ്ട്
ഓരോ നൊമ്പരത്തിൻെറയും കഥകൾ
ജീവിതത്തിൻെറ നിഴൽ പാടുകളിൽ
തുറുങ്കിലടക്കപ്പെട്ട ഓരോ വനിതയി-
ലുമുണ്ട് "അമ്മ"



# Agony of flood (ഇംഗ്ലീഷ് കവിത)

**Hearing the loud panic pain of Nature,**
**Crying and lying under the deep darkness**
**Tears Float the new houses**
**Rivers sleep the little dreams**

**All the millionaires were**
**In the relief camp**
**Helping hand flew**
**In to the camps**
**People were filled with agony**

**A disastrous story, was witnessed**
**The inmates of the land**
**At last Alas! Coalesce Coalesce;**
**We the power of green land**
**Our selves the safeguard of**
**Land of bliss.**
***Flood, the disaster show***

# ആതിരപ്പള്ളിയിലേക്ക് (യാത്രാ വിവരണം)

അഹമ്മദ് ഷഹീം .കെ .ജി (9 D)

കാറിൽ പോയിക്കൊണ്ടിരിക്കുമ്പോഴാണ് ഞാനാ കാഴ്ച്ച കണ്ടത്. വളരെ ഉയരത്തിൽ ഒരു പാറയിൽ ഒരൊറ്റ മരം മാത്രം ഉയർന്നു നിൽക്കുന്നു. അൽപ്പനേരം കണ്ണു പറിക്കാതെ നിന്നു. കുടുംബത്തോടൊപ്പം തൃശ്ശൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ആതിരപ്പള്ളി വെള്ളച്ചാട്ടം വാഴച്ചൽ എന്നിവ കാണാൻ പോകുകയായിരുന്നു ഞാൻ. ആദ്യം ഞങ്ങളുടെ ലക്ഷ്യം വാഴച്ചാലിലേക്കായിരുന്നു. ഏകദേശം 12.00

മണിയായപ്പോഴേക്കും ഞങ്ങളവിടെ എത്തിച്ചേർന്നു. അവിടുത്തെ ഓരോ കാഴ്ച്ചകളും മനസ്സിൽ തങ്ങിനിൽക്കും. അത്രമാത്രം പ്രകൃതിപരമായ സവിശേഷതകൾ നിറഞ്ഞതായിരുന്നു ആ പ്രദേശം. വളരെ വലിയ ജനക്കൂട്ടം ആയിരുന്നു അവിടെ. സഞ്ചാരികൾ വന്നുകൊണ്ടേയിരിക്കുന്നു. "വെള്ളച്ചാട്ടത്തിലേക്ക് എത്തുന്ന ജലത്തിന്റെ ഉത്ഭവം" എന്നു വരെ വാഴച്ചാലിനെ വിശേഷിപ്പിക്കാം. കുത്തനേയുള്ള ചെത്തിമിനുക്കിയതു പോലെയുള്ള പാറകളിലൂടെ ജലം സർവ്വശക്തിയുമെടുത്ത് കുതിച്ച് ചാടുന്നു. 'ഓട്ടമത്സരത്തിൽ ഒന്നാം സ്ഥാനത്തെത്താനുള്ള കളിക്കാരനെ പോലെ !' ഓരോ പാളി വെള്ളവും കുതിച്ച് പായുന്നു. ജലത്തിന്റെ പ്രവാഹം കിലോമീറ്ററുകളോളം വ്യാപിച്ച് കിടക്കുന്നു. യഥാർഥത്തിൽ ഇത് പ്രകൃതിയുടെ ഒരു മായാജാലമാണ്. തിങ്ങി നിൽക്കുന്ന മരങ്ങളും, കാടുകളും അതിനിടയിൽ നിന്ന് സംഗീത ശബ്ദങ്ങൾ പോലെ താളത്തിൽ കേൾക്കുന പക്ഷികളുടെ ഈണത്തിലുള്ള ശബ്ദങ്ങളും ആജലപ്രവാഹത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു. ജലത്തിൽ ഇറങ്ങുന്നത് അവിടെ നിരോധിച്ചിട്ടുണ്ട്. കാരണം ഊഹിക്കാമല്ലോ ! ആ കുത്തൊഴുക്കിനുള്ളിൽ നിന്ന് ഭീകരതയുടെ മുഖം ചിരിക്കുന്നുണ്ടെങ്കിലും പ്രകൃതിയുടെ ഭംഗി അതിനെ കുറച്ചു വെച്ച് സഞ്ചാരികളെ ആനന്ദിപ്പിക്കുകയാണ്. അതൊരു താഴ്ന്ന പ്രദേശമാണ്. അതുകൊണ്ടു തന്നെ മുകളിൽ നിന്ന് നോക്കിയാൽ റോഡിനു സമാന്തരമായി പാറകൾ കാണാം. അതിന്മേൽ വീഴാറായ ഇല പോലെ തൂങ്ങി നിൽക്കുന്ന മരങ്ങളും ചെറിയ ചെറിയ തുരുത്തുകൾ പോലെയുള്ള കുറ്റിച്ചെടികളും കാണാം. അവിടെ നിന്ന് അൽപ്പം ദൂരം മാത്രമെയുള്ളു കേരളത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമായ ആതിരപ്പള്ളി വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നിടത്തേക്ക്. വാഴച്ചാലിൽ നിന്ന് ഒരു പത്തു മിനിറ്റിന്റെ ദൂരം മാത്രമെ ഉണ്ടാവുകയുള്ളു. ഞങ്ങൾ പോകുന്ന റോഡിനു സമാന്തരമായി എതിർവശത്ത് പ്രകൃതിയുടെ ഒരു മറവിനപ്പുറത്ത് പ്രകൃതിയുടെ മറ്റൊരു മായാജാലമായ വെള്ളച്ചാട്ടത്തിലേക്ക് എത്തുന്ന ശാന്തമായ ഒഴുക്കാണെന്ന് ഞാൻ മനസ്സിലാക്കി. ലക്ഷ്യസ്ഥാനത്തിലേക്കടുക്കുന്തോറും വെള്ളച്ചാട്ടത്തിന്റെ ശബ്ദം കൂടി കൂടി വന്നു. സഞ്ചാരികളുടെ എണ്ണത്തിലും അതു തന്നെയാണ് സ്ഥിതി.

കേരളത്തിലെ ഏറ്റവും ഉയരം കൂടിയ വെള്ളച്ചാട്ടം കാണാനുള്ള ആകാംഷയോടെ ഞാൻ കുടുംബത്തോടൊപ്പം നടന്നു. ആ സമയത്ത് ധാരാളം സഞ്ചാരികൾ ചിത്രങ്ങൾ ഫോണിൽ പകർത്തുന്നതു ഞാൻ കണ്ടു. അവിടേക്കുള്ള റോഡിന് ഇരുവശത്തും വേലപ്പറമ്പ് പോലെ അലങ്കരിച്ചിട്ടുണ്ട് ! എന്തെന്നാൽ കുട്ടികളുടെ ബലൂണുകളും കളിപ്പാട്ടങ്ങളും പാവകളുമെല്ലാം. അതിന്റെ ഭംഗി കുട്ടികളെയെന്നല്ല മുതിർന്നവരെത്തന്നെ

അങ്ങോട്ടാകർഷിക്കും. അതുകൊണ്ടു തന്നെ റോഡിനിരുവശത്തും ജനങ്ങളുടെ പ്രവാഹമാണ്. വെള്ളച്ചാട്ടത്തിന്റെ അടുത്തെത്തിയപ്പോൾ അതിലേറെയാണ്. ആദ്യം വെള്ളച്ചാട്ടത്തിന്റെ മുകൾ ഭാഗത്തായിട്ടാണ് എത്തിച്ചേരുക. അവിടെ വെള്ളച്ചാട്ടതിന്റെ ഭീകരമായ ശബ്ദമെ കേൾക്കൂ. കാണണമെങ്കിൽ താഴെയിറങ്ങി കാണണം എന്നാലും മുകളിൽ ഞങ്ങൾ അൽപ്പസമയം ചിലവഴിച്ചു. പുഴയുടെ ശാന്തമായ ഒഴുക്കും പെട്ടെന്ന് തകിടം മറിഞ്ഞുള്ള വീഴ്ച്ചയും ഞങ്ങളാസ്വദിച്ചു. പിന്നീട് താഴേക്ക് പോകാനുള്ള കരിങ്കൽ പതിച്ച ആ വഴിയിലേക്കിറങ്ങി. അതിനിരുവശത്തും വൃക്ഷങ്ങൾ കൊണ്ടും തങ്ങിനിൽക്കുന്ന വൈദ്യുതിലൈൻ പോലത്തെ കാട്ടുവള്ളികൾ കൊണ്ടും അലങ്കരിച്ചിരിക്കുന്നു. ഇത് പ്രകൃതിയുടെ അലങ്കാരമാണ്. "പ്രകൃതിയുടെ അലങ്കാരം ആസ്വദിച്ച് പ്രകൃതിയുടെ മറ്റൊരു മായാജാലം കാണാനുള്ള ആകാംഷയോടെ" ഞാൻ കുടുംബത്തോടൊപ്പം നടന്നു. ആ ചെരിഞ്ഞു വളഞ്ഞ പാതയിലൂടെയുള്ള നടത്തം ഒരു ഉൾക്കാടിലൂടെ സഞ്ചരിക്കുന്ന പ്രതീതിയാണ് എന്നിലുണ്ടാക്കിയത്. അങ്ങനെ ഞങ്ങൾ വെള്ളച്ചാട്ടതിലേക്ക് അതിന്റെ താഴ്ന്ന ഭാഗത്തേക്ക് എത്തിച്ചേർന്നു. അവിടെ നിന്ന് മുകളിലേക്ക് നോക്കിയാൽ ഒരു നീലപാളിയെ പോലെയേ തോന്നൂ. ധാരാളം പാളി വെള്ളങ്ങൾ ചേർന്ന് ഒറ്റ പാളി വെള്ളമായി താഴത്തെ പാറപ്പിളർപ്പിലേക്ക് തലകുത്തി മറിയുന്നു. വെള്ളം സ്പ്രേ ചെയ്തു കൊണ്ട് സഞ്ചാരികളെ സ്വാഗതം ചെയ്യുന്നു ആ വെള്ളച്ചാട്ടം ഭൂമികുലുക്കി കൊണ്ട് വിശാലമായ പാറപ്പിളർപ്പിലേക്ക് വീഴുന്ന ആ കാഴ്ച്ചയൊരിക്കലും മറക്കാവുന്നതല്ല.

## നിഴലെ ... നന്ദി (കഥ)

ഏകാന്തത അയാളറിഞ്ഞിട്ടില്ല . വീട്ടുകാരുടെയും സുഹൃത്തുക്കളുടെയും സാന്നിധ്യം അയാളതറിയിച്ചില്ല . എന്നാൽ ഒരാളറിഞ്ഞു . ഒറ്റപ്പെട്ടു പോയി.അറബിക്കടലിനപ്പുറം ഒരു പ്രവാസിയായപ്പോൾ,അല്ല അടിമയായപ്പോൾ.തികച്ചും ഏകാന്തത.നീണ്ടു കിടക്കുന്ന മണൽ കന്നുകൾക്കിടയിൽ ആടിനെ നോക്കുക.അതും തനിയെ.എന്നാൽ അവിചാരിതമായി ഒരു സുഹൃത്തെത്തി.ഒരു പക്ഷെ ജനിച്ചത് ലുള്ള സുഹൃത്ത്.പക്ഷെ, അയാളത് ശ്രദ്ധിച്ചില്ലായിരുന്നു.എന്നാൽ ഇന്നയാൾ കണ്ടു,അടുത്തു.തന്റെ പിറകെ എപ്പോഴും ഇങ്ങനെ നടക്കുന്ന ഒരു നിർ ജീവൻ.തന്റെ അതേ ശരീരം,ഒരേ ഉയരം...അല്ല ഇടക്കിടക്ക് മാറുന്നു.ചില

നേരം അവൻ അപ്രത്യക്ഷമാകും ജോലി സമയത്ത്. അവനോടെന്തൊക്കെയോ പറയും.അവൻ മറുപടിയൊന്നും പറയാറില്ല. പക്ഷെ എന്തൊക്കെയോ മറുപടി ആ മൗനത്തിലുണ്ട്.

അറബിയുടെ അടുത്ത് പെട്ടതിൽ പിന്നെ വീടും നാടുമായി ബന്ധമില്ല.മണലിലൂടെ അയാൾ നടക്കുമ്പോൾ അവൻ പിറകെ വരും.അവനോട് ഓരോ കാര്യവും അവൻ പറയും.പറഞ്ഞിട്ടെന്തു കാര്യം.അവന്ന് എന്റെ പിറകെ നടക്കാനല്ലാതെ ഒന്നും അറിയില്ല.കിടക്കും നേരം അവനെ കാണാറില്ല.പുറത്തുപോയതാകാം.അവന്റെ സങ്കടം ആരോടെങ്കിലും ഒന്നു പറയാൻ,ജീവിതകാലം മുഴുവനും ഒരാളുടെ പിറകെ നടക്കേണ്ടി വന്നതിലുള്ള സങ്കടം.അതേതായാലും നന്നായി ഞാൻ കരയുന്നതൊന്നും അവൻ കാണില്ലല്ലോ.എന്നും അതിരാവിലെ ആടിനെ നോക്കാനിറങ്ങും.ഒരു പാറയിൽ ചെന്നിരിക്കും.ഇടക്ക് വലിയ ശബ്ദത്തിൽ ചിരിവരും.ചില ദിവസം അവസാനിക്കുന്നത് കരച്ചിലിലായിരിക്കും.

അവനാണ് അയാളെ കൊണ്ടുപോകുന്നത് എന്നു തോന്നും. മെല്ലെ നടക്കുന്നു. രാത്രി കിടക്കാൻനേരം എന്തോ അയാൾക്ക് ഉറക്കം വന്നില്ല. തന്റെ അവസാന രാത്രിയോ!

ജീവിതത്തിൽ ഒരു പരമ്പര വിഢിയായി അയാൾ ആ നിമിഷം തൊട്ട് മാറി.ഒരു നുണയില്ലാതെ ആരാരുമില്ലാതെ തന്റെ കൂട്ടിന് വന്ന നിഴവിനോട് നന്ദി പറയാൻ അയാൾ വെമ്പൽ കൂട്ടി.അയാൾ എണീറ്റു. നിഴലിനെ ആഗമിച്ചു.അയാൾ ഒരു ഭ്രാന്തനെ പോലെ ആ നിഴതിനെ പിടിക്കാൻ നോക്കുകയാണ്.പുറത്ത്മണലിൽ അയാൾ നൃത്തമാരംഭിച്ചു.പാട്ടുപാടി.പക്ഷെ,നിഴൽ അയാളിൽ നിന്നും കുതറിമാറുകയാണ്.അറബി പുറത്തിറങ്ങി അത് കണ്ട് പൊട്ടിചിരിച്ചു.മണൽ വാരിതിന്നുന്ന മനുഷ്യൻ .അയാൾ ഇങ്ങനെ പറയുന്നുണ്ടായിരിന്നു.”നന്ദി.....നിഴലെ....നന്ദി,”അങ്ങനെ ആ ഭ്രാന്തരാവ് പോയി മറഞ്ഞു.പുതിയ ഒരു താരോദയം പൊങ്ങി.പക്ഷെ,ആ ഉദയത്തിന് അയാൾ കാത്തിരുന്നില്ല.ആ ഭ്രാന്തൻ മണലിൽ ഒതുങ്ങി......

# മാപ്പ് (കവിത)

നിഷ കെ പി



ഞാനാകുന്ന  ചിമിഴിൽ
അടുക്കി  വച്ച  വൈഡൂര്യമായി
എൻെറ  മനസ്സിൻെറ  വിഹ്വലതകൾ
ഉത്കണ്ഠകൾ, തേങ്ങലുകൾ
സൗമ്യമായ്  വീശിയണച്ച
കുളിർതെന്നലായ്
എന്നെ  ഞാനാക്കുവാനായ്
ജ്വലിച്ചുയർന്ന  പ്രഭാപൂരം.......
എന്നന്നേയ്ക്കുവായ്   അണയുമ്പോൾ
നഷ്ടപ്പെടുന്നതോ-
ഈ  ഞാനും; എൻ മനവും മാത്രം
ജീവിതച്ചൂടിൽ   വീശിത്തണുപ്പിക്കുവാനും
ഒരു വേളയെങ്കിലും  ആർദ്രത  പകർന്നു
നൽകുവാനും
ആയില്ലൊരിക്കലും, ഒരു വേള-
സ്നേഹതലോടലിനായ്  തൊണ്ടവരണ്ടപ്പോഴും
സ്വകാര്യതയുടെ  ഒരു കുഞ്ഞുവട്ടത്തിൽ
ഒതുങ്ങിപ്പോയീ  ഞാനും
 ഇന്ന്,
പശ്ചാത്താപവിവശയായ്  മാറ്റിവയ്ക്കുന്നു
മാപ്പിരയ്ക്കുവാൻ  മാത്രമായ്,
എന്നുമെൻ  ശിഷ്ടജീവിതം.......

# തൃശ്ശൂരിലേക്ക് (യാത്രാവിവരണം)

ഹസ്ന .പി .ടി (9 D)

അന്ന് ഒരു രാവിലെ സ്കൂളിലെ ഒരു പത്ത് മുപ്പതോളം കുട്ടികളോടൊപ്പം തൃശ്ശൂരിലേക്ക് വണ്ടി കയറി. നേരെ പോയത് അങ്ങാടിപുറത്തേക്ക് ട്രെയിനിൽ കയറാൻ വേണ്ടി. അങ്ങനെ ആദ്യമായി ട്രെയിനിൽ കയറി. വലിയ തിരക്കൊന്നുമില്ലെങ്കിലും ട്രെയിനിൽ മുഴുവൻ ആളുണ്ടായിരുന്നു. ട്രെയിനിൽ നിന്ന് നേരെപ്പോയത് കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനായ ഷൊർണ്ണൂലേക്കാണ്. ഞാൻ ട്രെയിനിൽ നിന്നത് വാതിലിനടുത്തായതു കൊണ്ട് പുറത്തെ കാഴ്ച്ചകൾ നല്ലവണ്ണം കാണാൻ സാധിച്ചിരുന്നു. ട്രെയിനിൽ സഞ്ചരിച്ചപ്പോൾ എനിക്കനുഭവപ്പെട്ടത് ബസ്സിൽ സഞ്ചരിക്കുന്ന പോലെയാണ്. ട്രെയിനിൽ സഞ്ചരിച്ചപ്പോൾ നിറയെ സന്തോഷമായിരുന്നെങ്കിലും ചെറിയ പേടി ഇല്ലാതില്ല. ട്രെയിനിന്റെ പാളം തെറ്റിയാലോ ? ചിലപ്പോ മറിഞ്ഞാലോ ഇതൊക്കെയായിരുന്നു എന്റെ പേടി. അങ്ങനെ ഒരു വിധം ഷൊർണ്ണൂരിലെത്തി അവിടത്തെ കാഴ്ച്ച അതിലേറെ ഭയങ്കരം അങ്ങാടിപ്പുറത്ത് ഒന്നോ രണ്ടോ ട്രെയിൻ സഞ്ചരിക്കുന്നുണ്ടെങ്കിൽ ഇവിടെ രണ്ടു മൂന്നു ട്രെയിനുകൾ വളഞ്ഞും തിരിഞ്ഞും സഞ്ചരിക്കുകയായിരുന്നു. ട്രെയിനിലെ യാത്ര ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു സമ്മാനിച്ചത്.

ഷൊർണ്ണൂരിൽ നിന്ന് നേരെപ്പോയത് അവിടെയടുത്തുള്ള കേരള കലാമണ്ഡലത്തിലേക്കാണ് ഭാരതീയ നൃത്ത കലകൾ അഭ്യസിക്കുന്ന ഒരു കലാലയമാണ് കലാമണ്ഡലം. ഇവിടെ പ്രത്യേകിച്ച് അഭ്യസിക്കുന്നത് കഥകളി പോലെയുള്ള കേരളത്തിൽ രൂപപ്പെട്ട കലകളാണ്. ഭാരതപ്പുഴയുടെ സമീപത്താണ് സ്ഥിതി ചെയ്യുന്നത്.

ഇതിന്റെ പലഭാഗത്തും പല കലകളാണ് അഭ്യസിപ്പിക്കുന്നത്. കഥകളി, മോഹിനിയാട്ടം, വാദ്യോപകരണങ്ങൾ അങ്ങനെ പലതും അഭ്യസിപ്പിക്കുന്നു. അവിടെ പോയതുകൊണ്ടു തന്നെ ധാരാളം കലകളുടെയും വാദ്യോപകരണത്തിന്റെയും പേരുകൾ അറിയാൻ സാധിച്ചു. അവിടെയുള്ള തൂണുകളിലെല്ലാം ചിത്രപണികൾ

കൊത്തിവെച്ചിരുന്നു. അത് കാണാൻ നല്ല ചന്തവുമുണ്ടായിരുന്ന. അവിടെയിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല.

പിന്നീട് നേരെ പാർക്കിലേക്കും മറ്റും പോയി ഏകദേശം സന്ധ്യാസമയത്താണ് ബീച്ചിലെത്തിയത്. ചാവക്കാട് ബീച്ച്. അവിടത്തെ കാഴ്ച്ചകൾ വർണ്ണിക്കാൻ കഴിയില്ല. അത്രയ്ക്ക് ഭംഗിയായിരുന്നു കാണാൻ. രാത്രിയായതു കൊണ്ടുതന്നെ പലവിധലൈറ്റുകൾ മിന്നിതിളങ്ങിയിരുന്നു അവിടെ. കടൽ കരയിലൂടെ നടന്നു പോകുമ്പോൾ വഴരെ ശക്തിയോടെ ഇരമ്പി വരുന്ന തിരമാലകളിൽ കാലിട്ട് കുറേ നേരം കളിച്ചു ഞങ്ങളെ പോലെത്തന്നെ മറ്റുള്ളവർ പ്രായഭേദമന്യേ തിരമാലകളിൽ കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. കടലിലേക്ക് നോക്കിയിരുന്നപ്പോൾ ഒരിക്കൽ പോലും മടുപ്പ് തോന്നുന്നില്ലായിരുന്നു. വീശി വരുന്ന ഓരോ തിരമാലക്കും നമ്മോടെന്തോ പറയാനുള്ളതു പോലെ. അരമണിക്കൂറോ ഒരു മണിക്കൂറോ അവിടെ ചിലവഴിച്ചു. അവിടെ നിന്ന് പോരാൻ മനസ്സനുവധിക്കുന്നില്ലായിരുന്നു. അവിടെ നിന്ന് പോയി ബസ്സിൽ കയറി. ജനലിന്റെ അടുത്തായതു കൊണ്ട് പുറത്തെ കാഴ്ച്ചകളെല്ലാം ആസ്വദിച്ചു വീട്ടിലേക്ക് തിരിച്ചു.

ഇതുവരെ നടത്തിയ യാത്രകളിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു തൃശൂരിലേക്കുള്ള യാത്ര. പ്രത്യേകിച്ച് ചാവക്കാട് ബീച്ച്........

# മഴതുള്ളികൾ (കവിത)

***മധുസൂദനൻ.കെ***



സൂര്യൻകോളുത്തിയ
പന്തങ്ങളേന്തി
പൊരിമണലിൽ
കാലുനീറി നില്പ്പാണ്....
ഒരു കുഞ്ഞു തീപ്പൊരി മതി
ഉള്ള പച്ചയെ ആളിപ്പടർത്താൻ....
ആറ്റുവഞ്ചി..........

മിനുമിനുത്ത  സ്വപ്നമാണെന്ന്
നിങ്ങൾ കരുതുന്നോ... ?
എന്നാൽ....
എൻറയുള്ളിലെ
പറന്നു പോകാനായുന്ന
ഒരു മോഹം മാത്രമാണത്.



നീരുവറ്റിയതോട് കടന്ന്
ആറ്റുവഞ്ചിക്കാട് വകഞ്ഞുമാറ്റി
വേണം
ആ ഒറ്റമരത്തിനടുത്തെത്താൻ
അപ്പൂപ്പൻ താടികളിൽ
കവിളുരസി
മനസ്സുരസി
വഴിയും മരവും ഇരുട്ടിലാണ്ടു പോയി..
മുന്നോട്ടും പിന്നോട്ടുമില്ലാതെ
പുകഞ്ഞു പോകുന്ന
ഒരൊറ്റ ആറ്റുവഞ്ചിയായി
ഞാൻ......

## രാത്രിമഴ (കവിത)

ഹസ്ന .പി .ടി

രാത്രിയിൽ ഉറങ്ങുന്ന നേരത്ത്
കുളിർ തെന്നലേകി
ഒരു മഴ വന്നെൻ മുറ്റത്ത്
മഴയുടെ സ്വരത്തിൽ
പാടുന്ന കുയിലുകൾ
നൃത്തമാടുന്ന മയിലുകൾ
അവരും വന്നെൻ മുറ്റത്ത്
ജനൽ പാളിയിലൂടെ
പുറത്തേക്ക് തലനീട്ടി
സുന്ദരമാം കാഴ്ചകൾ കണ്ടുനിന്നു
മഴകാഴ്ചചകൾ കണ്ടു നിന്നങനെ
എൻ പ്രിയ രാത്രികൾ
കടന്നു പോയി........

## പുഴ (കവിത)

ഫഹിദ .വി (10 D)

നമ്മുടെ നാടിന്റെ സുന്ദരമാം പുഴ
ഇന്നെവിടെപ്പോയ്...
കളിച്ചും കുളിച്ചും രസിച്ചു നടന്നിരുന്ന
പുഴയുടെ വെള്ളമിന്നെങ്ങു പോയി
നീന്തുന്ന മീനുകൾ
പാടുന്ന തവളകൾ
പുഴയുടെ ഒഴുകുന്ന സ്വരങ്ങ-
ളെവിടെപ്പോയെല്ലാം...
കുണ്ടും കുഴികളും കല്ലുകളുമായിന്ന്
നമ്മുടെ പുഴകൾ വറ്റിവരണ്ടു...
പുഴയുടെ മരണ മണിയാകുന്നതിൻ-
മുമ്പേ പുഴയെ നാം ഓർത്തിടേണം

# Mother

Nihal O P

Mother gave care
Mother help in problem
Mother has a unfinish kind
Mother is heart of the world
In the world mother is an big miracle
Mother pain is the big pain in the world
Mother in all country and all languages

# ഞങ്ങളുടെ സ്കൂൾ (റിപ്പോർട്ട്)



2019-20 അധ്യായന വർഷത്തിലെ സ്കൂളിന്റെ മികവുകളുടെ ഏതാനും ചിത്രങ്ങൾ ഇവിടെ നൽകുന്നു.



മലപ്പുറം ജില്ലാ ശാസ്ത്രമേള ഓവറോൾ നേട്ടം കൈവരിച്ചവർ അധ്യാപകരോടൊപ്പം.



എസ്.എസ്. മേള മലപ്പുറം സബ്-ജില്ല ഓവറോൾ ഒന്നാം സ്ഥാനം നേടിയവർ



പ്രവർത്തിപരിചയമേള ഓവറോൾ ഒന്നാം സ്ഥാനം



ഐ.ടി മേള ഓവറോൾ മൂന്നാം സ്ഥാനം



ഗണിത മേള



അറബികലോത്സവം സബ്-ജില്ല ഓവറോൾ മൂന്നാം സ്ഥാനം



സയൻസ് ഫയർ



നീന്തൽ സംസ്ഥാന ജേതാക്കൾ സീനിയർ അസിസ്റ്റന്റ് മാത്യുമാഷിനോടൊപ്പം

# നന്ദി...

**ലിങ്കുകൾ**

സ്കൂൾ വിക്കി

സ്കൂൾ ബ്ലോഗ്

വിക്കിപീഡിയ